പ്ലസ് ടൂ അനുവദിക്കാനുള്ള മാനദണ്ഡം

34 (2014) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ടൂ കോഴ്സ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ വിശദാംശം നൽകാമോ ;

(ബി) വൊക്കേഷണൽ ഹയർ സെക്കന്ററി ഉള്ള ഗവൺമെന്റ് സ്കൂളുകളിലും പ്ലസ് ടൂ കോഴ്സ് അനുവദിക്കാമോ ?

ഉത്തരം

(എ) നിർദ്ദിഷ്ട അളവുകളുള്ള ക്ലാസ്സുമുറികളും മറ്റ് അവശ്യഭൗതിക സാഹചര്യങ്ങളും (ഉദാ: ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ) ഉള്ള ഹൈസ്കൂളുകളിലാണ് പ്ലസ് ടൂ അനുവദിക്കാറുള്ളത്. ഇതുകൂടാതെ മറ്റു ചില മാനദണ്ഡങ്ങൾ കൂടി ഉണ്ട്. ഉദാഹരണമായി ഒരു പ്രത്യേക സ്ഥലത്തെ കോളേജിൽ നിന്ന് പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുമ്പോൾ അവിടുത്തെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരനഷ്ടം പരിഹരിക്കാനായി കഴിവതും ആ പ്രദേശത്തെ ഒരു സ്കൂളിനെയാണ് പ്ലസ് ടൂ അനുവദിക്കാനായി തെരഞ്ഞെടുക്കുന്നത്. മാത്രവുമല്ല ആ പ്രദേശത്തെ വിദ്യാഭ്യാസപരമായ ആവശ്യകത, പിന്നോക്കാവസ്ഥ എന്നീ ഘടകങ്ങൾ കൂടി പരിഗണിക്കാറുണ്ട്.

(ബി) നിർദ്ദിഷ്ട യോഗ്യതകൾ ഉണ്ടെങ്കിൽ അനുവദിക്കാവുന്നതാണ്.

പ്ലസ് ടൂ കോഴ്സ് അനുവദിച്ചു കിട്ടുന്നതിനായി ചിറക്കര ഗവൺമെന്റ് ഹൈസ്ക്കൂളിന്റെ അപേക്ഷ

35 (2015) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ടൂ കോഴ്സ് അനുവദിച്ചു കിട്ടുന്നതിനായി ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചിറക്കര ഗവൺമെന്റ് ഹൈസ്ക്കൂളിൽ നിന്നും 1998-99-ൽ സർക്കാരിന് സമർപ്പിച്ച അപേക്ഷയിന്മേൽ ബന്ധപ്പെട്ട പരിശോധനാ കമ്മിറ്റി പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്കൂളിൽ പ്രസ്തുത കോഴ്സ് ആരംഭിക്കാതിരിക്കുന്നതിന് ഉണ്ടായ കാരണം വ്യക്തമാക്കുമോ ;

(സി) പ്ലസ് ടൂ ക്ലാസ്സുകൾക്കുവേണ്ടി ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതും യാത്രാസൗകര്യങ്ങൾ ഉള്ളതുമായ ചിറക്കര ഗവൺമെന്റ് ഹൈസ്ക്കൂളിൽ പ്ലസ് ടൂ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സ്കൂളിന്റെ ഏഴുകിലോ മീറ്റർ ചുറ്റളവിനുള്ളിൽ പ്ലസ് ടൂ കോഴ്സുള്ള മറ്റു സ്കൂളുകൾ നിലവിലില്ലാത്തതിനാലും ചാത്തന്നൂർ എസ്.എൻ. കോളേജിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തിയതുകൊണ്ടും ഈ കോളേജിന് അടുത്തുള്ള ചിറക്കര ഗവൺമെന്റ് ഹൈസ്കൂളിൽ ഈ വർഷം പ്ലസ് ടൂ കോഴ്സ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly